## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6723     10.07.2014-ലെ മറുപടിക്ക്**

**പ്രതിരോധനിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിനെ പഠന ഗവേഷണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനാണ് പ്രതിരോധ നിയന്ത്രണ സെൽ (PEID സെൽ) രൂപീകരിച്ചിട്ടുള്ളത്. ഇതൊരു നിയന്ത്രണ ഏജൻസിയല്ല. പീഡ് സെൽ ശേഖരിക്കുന്ന വിവരങ്ങൾ ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ഡി.എസ്.പി. സെല്ലിനു കൈമാറുകയും അതുവഴി സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. |
| ബി) പ്രസ്തുത സെൽ അടച്ചുപൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | ബി) ഇല്ല |
| സി) സെല്ലിന്റെ പ്രവർത്തനത്തിനായി നിലവിലുണ്ടായിരുന്ന ഏതെങ്കിലും തസ്തിക നിർത്തലാക്കിയിട്ടുണ്ടോ; | സി) ഇല്ല |
| ഡി) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക മുൻവർഷത്തേക്കാൾ കുറവാണോ; എങ്കിൽ പ്രസ്തുത തുക ഈ സെല്ലിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ആണ്. തുക പര്യാപ്തമാണ്. |
| ഇ) എങ്കിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | ഇ) കൂടുതൽ തുക അനുവദിക്കേണ്ട ആവശ്യമില്ല |

സെക്ഷൻ ഓഫീസർ